**22U433** (Pages: 2) Name: ………………………

Reg. No……………………..

**FOURTH SEMESTER B.A./ B.Sc./ B.S.W. DEGREE EXAMINATION, APRIL 2024**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL4 A10 – മലയാളസാഹിത്യം - IV**

(Malayalam - Common Course)

(2019 Admission onwards)

Time: 2.5 Hours Maximum: 80 Marks

Credit: 4

സെക്ഷൻ – എ

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. രണ്ടു മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ (പരമാവധി 25 മാർക്ക്)

1. ലക്ഷ്യഭാഷ എന്നാൽ എന്ത്?
2. വേഗത, പ്രാധാന്യത എന്നിവയുടെ ശരിയായ രൂപം എഴുതുക.
3. വിസങ്കേതനം എന്നാൽ എന്ത്?
4. പൗനരുക്ത്യം എത്രവിധം ? ഏതെല്ലാം ?
5. ആർ. ഇ. ആഷറും സുഹൃത്തുക്കളും ചേർന്ന് വിവർത്തനം ചെയ്ത മൂന്ന് മലയാള നോവലുകളുടെ പേരെഴുതുക.
6. ജനിച്ച മാസത്തിന്റെ പേര് വ്യക്തി നാമമായി സ്വീകരിക്കുന്നതിന് രണ്ട് ഉദാഹരണം എഴുതുക.
7. ജീവചരിത്രത്തിൽപ്പെടുന്ന രണ്ട് കൃതികളെ പരിചയപ്പെടുത്തുക.
8. ആശയവിനിമയത്തിന് സഹായകമാകുന്ന ഉപാധികൾ ഏതെല്ലാം ?
9. മലയാളത്തിൽ വിവർത്തനം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന മറ്റു വാക്കുകൾ പരിചയപ്പെടുത്തുക.
10. 'അബ്ദുല്ല 'എന്ന പേരിന്റെ യുക്തി ലേഖകൻ വിശദീകരിക്കുന്നത് എങ്ങനെ ?
11. "അങ്ങനെ ആളുകൾക്കിടയിൽ സ്വാമി സംസാരവിഷയമായി" എങ്ങനെ ?
12. ഇന്ത്യയിലെ ആദ്യകാല രണ്ട് ദളിത് ആത്മകഥകളുടെ പേര് എഴുതുക.
13. യഹോവയായ ദൈവം മനുഷ്യനോട് കൽപ്പിച്ചത് എന്തായിരുന്നു ?
14. "എടാ കാലമാടാ, അടങ്ങിയൊതുങ്ങി നിന്നില്ലെങ്കിൽ നിന്റെ തോല് ഞാൻ ഉരിയും" ആരുടെ വാക്കുകൾ ? സന്ദർഭം ?
15. "ലോകത്തിന്റെ മേൽക്കൂരയിൽ നീ
മഴയായി പെയ്തു
വാക്കുകളുടെ നൊമ്പരത്തിൽ
നിന്നൊഴിഞ്ഞ്
നിശ്ശബ്ദമായിരിക്കുക" – ആശയമെന്ത്?

**(Ceiling: 25 Marks)**

## സെക്ഷൻ – ബി

II. ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. അഞ്ചു മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ (പരമാവധി 35 മാർക്ക്)

16. 'വിവർത്തകന് എത്തിപ്പിടിക്കാൻ കഴിയാത്ത ഒരു തലം മൂലകൃതിയിൽ ഉണ്ടാകും' എന്ന കെ. പി. ശങ്കരന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വിശദീകരിക്കുക.
17. സൗന്ദര്യാത്മകവിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതെന്ത്?
18. പത്രഭാഷയിലെ അനാവശ്യ പദപ്രയോഗങ്ങളെക്കുറിച്ചുള്ള സി. വി. വാസുദേവ ഭട്ടതിരിയുടെ അഭിപ്രായമെന്ത്?
19. "ഓരോ പേര് വിളിക്കുന്തോറും ഹൃദയമിടിപ്പ് വർദ്ധിച്ചുകൊണ്ടിരുന്നു." ഗോപിയുടെ ഹൃദയമിടിപ്പിന്റെ കാരണമെന്തായിരുന്നു ?
20. 'കെട്ടശീലത്തിന് മലയാളികൾക്കിടയിലുള്ള അംഗീകാരത്തിന്റെ തെളിവാണ് ഭംഗിവാക്ക്' എം. എൻ. കാരശ്ശേരിയുടെ ലേഖനത്തെ മുൻനിർത്തി വിശദമാക്കുക.
21. ഭക്ഷണത്തിലെ ജനാധിപത്യത്തിന്റെ അടിസ്ഥാനമെന്ത്? വിലയിരുത്തുക.
22. 'എച്ചിൽ' എന്ന ആത്മകഥ മുന്നോട്ടുവയ്ക്കുന്ന സാമൂഹിക യാഥാർത്ഥ്യമെന്ത്?
23. മരുത്വാമലയിലെ ഏകാന്തധ്യാനത്തിനു ശേഷം ശ്രീനാരായണഗുരു മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവന്നത് എന്തിനുവേണ്ടിയായിരുന്നു ? വിശകലനംചെയ്യുക.

**(Ceiling: 35 Marks)**

## സെക്ഷൻ –സി

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

24. ശ്രീനാരായണഗുരുവിന്റെ വിശ്വമാനവിക ദർശനങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
25. "ചരിത്രവിദ്യാഭ്യാസം പോരാ, സൗന്ദര്യാത്മക വിദ്യാഭ്യാസം തന്നെ വേണം" എന്ന പി. പവിത്രന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? പ്രതികരിക്കുക.
26. 'അനുഭവങ്ങൾ' എന്ന നോവൽ 1950–കളിലെ കേരളീയ ജീവിതത്തെ അടയാളപ്പെടുത്തുന്നതെങ്ങനെ ?
27. ഭാഷാപ്രയോഗത്തിലെ വൃഥാസ്ഥൂലത പത്രഭാഷയിൽ സൃഷ്ടിക്കുന്ന വൈകല്യങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.

**(2 × 10 = 20 Marks)**

*******